# കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.)**

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 695 012

# കൈപ്പുസ്തകം

**2013 - 2014**

**കൈപ്പുസ്തകം**

*Prepared by:*

Kerala State Open School - SCERT
Vidyabhavan, Poojappura
Thiruvananthapuram -12, Kerala
E-mail: ksos8581@gmail.com

*Type setting by:*

KSOS Computer Lab

©
Government of Kerala
Department of General Education
SCERT – 2013

# ഉള്ളടക്കം

*പേജ്*


- ആമുഖം ..... 5
- കോഴ്സുകൾ ..... 6
- ഹയർസെക്കൻഡറി ഓപ്പൺ റഗുലർ ..... 7
- പ്രൈവറ്റ് രജിസ്ട്രേഷൻ ..... 10
- സ്പെഷ്യൽ കാറ്റഗറി ..... 11
- വൊക്കേഷണൽ ഹയർസെക്കൻഡറി അഡീഷണൽ മാത്തമാറ്റിക്സ് ..... 11
- രജിസ്ട്രേഷൻ നിർദ്ദേശങ്ങൾ ..... 14
- രജിസ്ട്രേഷൻ മെമ്മോ ..... 17
- രണ്ടാംവർഷ/പുനഃപ്രവേശനം ..... 18
- സേവനങ്ങൾ ..... 26
- അനുബന്ധം ..... 28

## ആമുഖം

ദേശീയ വിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനത്തിൽ കേരള ത്തിലെ ആവശ്യകത മുൻനിർത്തി 1999-ൽ രൂപകല്പന ചെയ്ത സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ. കേരളത്തിൽ ഹയർസെക്കൻഡറി കോഴ്സ് പൊതുവിദ്യാ ഭ്യാസത്തിന്റെ ഭാഗമാക്കുകയും സർവകലാശാലക ളിൽനിന്നും പ്രീ-ഡിഗ്രി ഡി-ലിങ്ക് ചെയ്തപ്പോൾ ഹയർസെക്കൻഡറി റഗുലർ സ്കൂളുകളിൽ വിദ്യാർഥി കളെ ഉൾക്കൊള്ളാൻ കഴിയാത്ത സാഹചര്യം ഉണ്ടായി. ഇതിനു പരിഹാരമായി 1999-ലെ സർക്കാർ ഉത്തരവ് നമ്പർ എം.എസ്. 100/99 പൊതുവിദ്യാഭ്യാസ വകുപ്പ് തീയതി 29.04.1999 പ്രകാരം സംസ്ഥാന വിദ്യാഭ്യാസ പരിശീ ലന സമിതി (എസ്.സി.ഇ.ആർ.ടി.) യുടെ ഒരു ഭാഗമായി ഓപ്പൺ സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

വിദൂരവിദ്യാഭ്യാസം, സാർവത്രിക വിദ്യാഭ്യാസം എന്നീ ലക്ഷ്യ ങ്ങൾ മുൻനിർത്തിയാണ് ഓപ്പൺ സ്കൂൾ പ്രവർത്തിക്കു ന്നത്. റഗുലർ ഹയർസെക്കൻഡറി സ്കൂളിൽ പ്രവേശനം ലഭിക്കാത്തവർക്കും, വിവിധകാരണങ്ങളാൽ മുഖ്യധാര വിദ്യാഭ്യാസം സാധ്യമാകാത്ത യുവാക്കൾ, വീട്ടമ്മമാർ, തൊഴി ലാളികൾ, കർഷകർ, സാങ്കേതിക പ്രവർത്തകർ തുടങ്ങി വിവിധ മേഖലകളിൽ വ്യാപൃതരായി പഠനം മുടങ്ങിയ വർക്ക് അവരവരുടെ തൊഴിലിനോടൊപ്പം പഠനം നട ത്താൻ ആഗ്രഹിക്കുന്നെങ്കിൽ ഓപ്പൺ സ്കൂൾ മുഖേന മുഖ്യധാരാവിദ്യാഭ്യാസം സാധ്യമാക്കാം.

**ആസ്ഥാനം**

തിരുവനന്തപുരം ജില്ലയിലെ പൂജപ്പുരയിൽ ഓപ്പൺ സ്കൂൾ സംസ്ഥാന ഓഫീസ് പ്രവർത്തിക്കുന്നു. തിരുവനന്തപുരം സെൻട്രൽ റയിൽവേസ്റ്റേഷനിൽനിന്നും $2^1/_2$ കി.മീ. അകലെ സംസ്ഥാന പരീക്ഷാഭവനടുത്തുള്ള എസ്.സി.ഇ.ആർ.ടി. (സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി) യുടെ ഒരു ഭാഗമായാണ് ഓപ്പൺ സ്കൂൾ പ്രവർത്തിക്കുന്നത്.

**പൊതുഭരണം**

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ എസ്.സി.ഇ.ആർ.ടി. യുടെ ഭാഗമായതിനാൽ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ, ഓപ്പൺ സ്കൂൾ ഡയറക്ടറായും വർത്തിക്കുന്നു. ഓപ്പൺ സ്കൂൾ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സ്റ്റേറ്റ് കോഡിനേറ്ററാണ്. ഭരണവിഭാഗം, സാമ്പത്തിക വിഭാഗം, അക്കാദമിക വിഭാഗം, രജിസ്ട്രേഷൻ മുതലായ കാര്യക്ഷമമായ വിഭാഗങ്ങൾ ഓപ്പൺ സ്കൂളിനുണ്ട്.

പതിനാല് ജില്ലകളിലും തെരഞ്ഞെടുത്ത ഹയർസെക്കൻഡറി സ്കൂളിനോട് ചേർന്ന് ഓപ്പൺ സ്കൂൾ ജില്ലാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ വിവിധ ഗവ./എയിഡഡ് ഹയർസെക്കൻഡറി സ്കൂളുകൾ ഓപ്പൺ സ്കൂൾ പഠന/പരീക്ഷാകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. പ്രിൻസിപ്പാൾ, കോഡിനേറ്റിംഗ് ടീച്ചർ എന്നിവരുടെ മേൽനോട്ടത്തിലാണ് സമ്പർക്കക്ലാസുകൾ, ഓറിയന്റേഷൻ ക്ലാസുകൾ എന്നിവ നടന്നുവരുന്നത്. ജില്ലാകേന്ദ്രങ്ങൾവഴി പഠന/പരീക്ഷകേന്ദ്രങ്ങളുടെ ഏകോപനം സാധ്യമാകുന്നു.

## മുഖ്യ കോഴ്സുകൾ

### I ഹയർസെക്കൻഡറി

- **a)** ഓപ്പൺ റഗുലർ
- **b)** പ്രൈവറ്റ് രജിസ്ട്രേഷൻ

**സിലബസ്** ● കേരള ഹയർസെക്കൻഡറി റഗുലർ കോഴ്സിന്റേത്

**പഠനകാലയളവ്** ● 2 വർഷം

**യോഗ്യത** ● ഗ്രേഡിംഗ് സമ്പ്രദായത്തിൽ എസ്.എസ്.എൽ.സി. എഴുതിയ വിദ്യാർഥികൾ എല്ലാ വിഷയത്തിനും ഡി+ ഗ്രേഡ് നേടിയിക്കണം.

- മാർക്ക് സമ്പ്രദായത്തിൽ എസ്.എസ്.എൽ.സി. എഴുതിയ വിദ്യാർഥികൾ മിനിമംമാർക്ക് നേടി യെങ്കിലും വിജയിച്ചിരിക്കണം.
- സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ./ടി.എച്ച്.എസ്.എസ്.എൽ.സി./എസ്.എസ്.എൽ.സി. എ ലെവൽ/മറ്റ് സംസ്ഥാനങ്ങളിൽ/രാജ്യങ്ങ ളിൽനിന്നും എസ്.എസ്.എൽ.സി.ക്ക് തത്തുല്യ മായി നേടിയ സർക്കാർ അംഗീകരിച്ച യോഗ്യത സർട്ടിഫിക്കറ്റ്

- **അപേക്ഷകർക്ക് ഉയർന്ന പ്രായപരിധി ഇല്ല.**

## I (a) ഹയർസെക്കൻഡറി ഓപ്പൺ റഗുലർ

സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ വിഭാഗങ്ങളിൽ ഏതെ ങ്കിലും ഒരു സബ്ജക്ട് കോമ്പിനേഷൻ വിദ്യാർഥികൾക്ക് തെരഞ്ഞെ ടുക്കാവുന്നതാണ്. സയൻസ്, ഹ്യൂമാനിറ്റീസ് ഗ്രൂപ്പുകാർക്ക് മൂന്ന് വീതം കോമ്പിനേഷനുകളും കൊമേഴ്സിന് നാല് കോമ്പിനേഷനു കളും ഓപ്പൺ റഗുലർ കോഴ്സിന് നിലവിലുണ്ട്.

പാർട്ട് I ▶ **ഇംഗ്ലീഷ്** (നിർബന്ധം)

പാർട്ട് II ▶ **ഉപഭാഷ**: മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നഡ, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്, ജർമ്മൻ, റഷ്യൻ ഇവയിലേതെങ്കിലും ഒരു ഉപഭാഷ തെരഞ്ഞെടുക്കാവു ന്നതാണ്.

**സയൻസ് വിഭാഗം (Science Group)**

| പാർട്ട് | സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ |
|---|---|---|
| I | | ഇംഗ്ലീഷ് |
| II | | ഉപഭാഷ |
| III | 01 | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്. ബയോളജി |
| | 05 | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്. കമ്പ്യൂട്ടർ സയൻസ് |
| | 09 | ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സൈക്കോളജി |

## ഹ്യൂമാനിറ്റീസ് വിഭാഗം (Humanities Group)

| പാർട്ട് | സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ |
|---|---|---|
| I | | ഇംഗ്ലീഷ് |
| II | | ഉപഭാഷ |
| III | 11 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| | 16 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യൽ വർക്ക് |
| | 30 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് |

## കൊമേഴ്സ് വിഭാഗം (Commerce Group)

| പാർട്ട് | സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ |
|---|---|---|
| I | | ഇംഗ്ലീഷ് |
| II | | ഉപഭാഷ |
| III | 36 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, മാത്തമാറ്റിക്സ് |
| | 37 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് |
| | 38 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് |
| | 39 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ |

**കൊമേഴ്സ് ഗ്രൂപ്പിൽ ഓപ്പൺ റഗുലർ വിദ്യാർഥികൾക്ക് അക്കൗണ്ടൻസി വിഷയത്തിന് Computerised Accounting, Analysis of Financial Statement (AFS) ഇവയിലേതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് നിർദ്ദിഷ്ട സ്ഥലത്ത് നിർബന്ധമായും ഇക്കാര്യം വ്യക്തമാക്കണം.**

## ➢ കോഴ്സ് സവിശേഷത

ഓപ്പൺ റഗുലർ വിദ്യാർഥികൾക്ക് സ്വയാംപഠനസഹായികൾ കോഴ്സിന്റെ ഭാഗമായി സൗജന്യമായി വിതരണം നടത്തുന്നു. ഓരോ ജില്ലയിലും തെരഞ്ഞെടുത്ത സർക്കാർ ഹയർസെക്കന്ററി സ്കൂളുകൾ ഓപ്പൺ റഗുലർ പഠന/പരീക്ഷാകേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുന്നു. പഠിതാവിന്റെ സൗകര്യാർഥം അവധി ദിവസങ്ങളിൽ പഠന കേന്ദ്രങ്ങളിൽ വച്ച് സമ്പർക്ക ക്ലാസുകൾ സംഘടിപ്പിക്കുന്നു. സ്വയംപഠനസഹായികൾ ഗ്രഹിക്കുമ്പോൾ പഠിതാവിനുണ്ടാകുന്ന സംശയ ദൂരീകരണമാണ് സമ്പർക്ക ക്ലാസുകളുടെ ലക്ഷ്യം. ഓരോ വർഷവും ഒരു വിഷയത്തിന് 30 മണിക്കൂർ ക്ലാസു

കൾ പഠിതാക്കൾക്ക് ലഭിക്കും. 10 മണിക്കൂർ നിരന്തരമൂല്യനിർണയ ത്തിനും 20 മണിക്കൂർ തിയറിക്കുമായിരിക്കും. **സമ്പർക്ക ക്ലാസുക ളുടെ ഹാജർ നിർബന്ധമായിരിക്കും.** പഠനകേന്ദ്രത്തിലെ പ്രിൻസി പ്പാൾ, കോഡിനേറ്റിംഗ് ടീച്ചർ എന്നിവരാണ് സമ്പർക്ക ക്ലാസുക ളുടെ മേൽനോട്ടം വഹിക്കുന്നത്. പ്രാക്ടിക്കൽ ഉള്ള വിഷയങ്ങൾക്ക് ലാബ് സൗകര്യം നൽകും. ഒന്നാം വർഷം 10 മണിക്കൂർ, രണ്ടാം വർഷം 20 മണിക്കൂർ എന്ന ക്രമത്തിലാണ് പ്രാക്ടിക്കൽ ക്ലാസുകൾ നൽകുക. ഒന്നാം വർഷ പഠിതാക്കൾക്ക് പ്രാക്ടിക്കൽ പരീക്ഷ ഉണ്ടാ യിരിക്കുന്നതല്ല. ഒന്നും രണ്ടും വർഷത്തെ പ്രാക്ടിക്കൽ ക്ലാസിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും രണ്ടാം വർഷത്തെ പ്രാക്ടിക്കൽ പരീക്ഷ. പ്രാക്ടിക്കൽ വർക്ക് ഡയറി/റെക്കോർഡ്, മറ്റു കുറിപ്പു കൾ എന്നിവ വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ നിർദ്ദേശപ്രകാരം എഴുതി സൂക്ഷിക്കുകയും സൂക്ഷ്മ പരിശോധ നയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

## ഫീസ് ഘടന – ഓപ്പൺ റഗുലർ

| സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ | ഒന്നാം തവണ | രണ്ടാം തവണ | ആകെ |
|---|---|---|---|---|
| | **സയൻസ്** | | | |
| 01 | ബയോളജി | 2460 | 750 | 3210 |
| 05 | കമ്പ്യൂട്ടർ സയൻസ് | 2660 | 750 | 3410 |
| 09 | സൈക്കോളജി | 2460 | 750 | 3210 |
| | **ഹ്യൂമാനിറ്റീസ്** | | | |
| 11 | സോഷ്യോളജി | 960 | 750 | 1710 |
| 16 | സോഷ്യൽ വർക്ക് | 960 | 750 | 1710 |
| 30 | സ്റ്റാറ്റിസ്റ്റിക്സ് | 960 | 750 | 1710 |
| | **കൊമേഴ്സ്** | | | |
| 36 | മാത്തമാറ്റിക്സ് | 960 | 750 | 1710 |
| 37 | സ്റ്റാറ്റിസ്റ്റിക്സ് | 960 | 750 | 1710 |
| 38 | പൊളിറ്റിക്കൽ സയൻസ് | 960 | 750 | 1710 |
| 39 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 1560 | 750 | 2310 |

**ഓപ്പൺ റഗുലർ വിദ്യാർഥികൾക്ക് കോഴ്സ് ഫീസ് ഒറ്റ ഗഡുവായോ രണ്ടു ഗഡുക്കളായോ ഒടുക്കാവുന്നതാണ്. പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ച അതേ വർഷം ഡിസംബർ 31 ന് മുൻപായി രണ്ടാം ഗഡു ഫീസ് നിർബന്ധമായും ഒടുക്കേണ്ടതാണ്. ഡിസംബർ 31 നുശേഷം ഫീസ് ഒടുക്കുന്ന വർ 25/- രൂപ പിഴയോടുകൂടി ഒടുക്കേണ്ടതാണ്.**

# I (b) ഹയർസെക്കന്ററി – പ്രൈവറ്റ് രജിസ്ട്രേഷൻ

2001–2002 അധ്യയന വർഷം മുതൽ ഹയർസെക്കന്ററി പരീക്ഷ എഴുതുന്നതിന് പ്രൈവറ്റ് രജിസ്ട്രേഷൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. 2002–2003 അധ്യയന വർഷം മുതൽ പ്രൈവറ്റ് രജിസ്ട്രേഷന്റെ ചുമതല കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ നിർവഹിച്ചു വരുന്നു. ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്നീ വിഭാഗങ്ങളിലായി 7 സബ്ജക്ട് കോമ്പിനേഷനുകളിൽ ഹയർസെക്കന്ററി കോഴ്സിന് പ്രൈവറ്റായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**പഠിതാവിന് തെരഞ്ഞെടുക്കാവുന്ന സബ്ജക്ട് കോമ്പിനേഷനുകൾ**

പാർട്ട് I ► **ഇംഗ്ലീഷ്** (നിർബന്ധം)

പാർട്ട് II ► **ഉപഭാഷ** (Second Language): മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നഡ, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്, ജർമൻ, റഷ്യൻ ഇവയിലേതെങ്കിലും ഒന്ന് ഉപഭാഷയായി തെരഞ്ഞെടുക്കേണ്ടതാണ്.

പാർട്ട് III ► **ഐച്ഛിക വിഷയങ്ങൾ** (Optional Subjects) ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ വിഭാഗങ്ങളിൽ നിന്ന് ഏതെങ്കിലും ഒരു സബ്ജക്ട് കോമ്പിനേഷൻ തെരഞ്ഞെടുക്കാവുന്നതാണ്.

**ഹ്യൂമാനിറ്റീസ് വിഭാഗം (Humanities Group)**

| പാർട്ട് | സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ |
|---|---|---|
| I | | ഇംഗ്ലീഷ് |
| II | | ഉപഭാഷ |
| III | 11 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| | 15 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി |
| | 18 | ഇസ്ലാമിക്ഹിസ്റ്ററി&കൾച്ചർ, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| | 28 | ഹിസ്റ്ററി,ഇക്കണോമിക്സ്, സംസ്കൃതം(സാഹിത്യം), സംസ്കൃതം(ശാസ്ത്രം) |
| | 46 | ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, അറബിക് |

**കൊമേഴ്സ് വിഭാഗം (Commerce Group)**

| പാർട്ട് | സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ |
|---|---|---|
| I | | ഇംഗ്ലീഷ് |
| II | | ഉപഭാഷ |
| III | 36 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി(AFS), ഇക്കണോമിക്സ്, മാത്തമാറ്റിക്സ് |
| | 38 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി(AFS), ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് |

കൊമേഴ്സ് ഗ്രൂപ്പിൽ അക്കൗണ്ടൻസി വിഷയത്തിൽ **അനാലിസിസ് ഓഫ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്** (AFS) മാത്രമേ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് അനുവദനീയമായിട്ടുള്ളു.

**പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സ് ഫീസ്: (രണ്ട് വർഷത്തേക്ക്)**
**Rs. 460/-**

**ഓപ്പൺ സ്കൂൾ കോഴ്സുകളുടെ നടത്തിപ്പ്, ഫീസ് ഘടന തുടങ്ങിയവയിൽ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മാറ്റങ്ങൾ വരുത്തുന്നതായിരിക്കും.**

## ☞ സ്പെഷ്യൽ കാറ്റഗറി – ഹയർസെക്കന്ററി (പാർട്ട് III)

- 04.02.2009 ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം. 15/2009 പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പ്രകാരം ഹയർസെക്കന്ററി കോഴ്സ് ഒരിക്കൽ വിജയിച്ച വിദ്യാർഥി രജിസ്ട്രേഷൻ റദ്ദ് ചെയ്യാതെ ഓപ്പൺ സ്കൂൾ മുഖേനയും പുതിയൊരു സബ്ജക്ട് കോമ്പിനേഷൻ തെരഞ്ഞെടുത്ത് പഠിക്കുവാൻ സാധിക്കും. പുതുതായി തെരഞ്ഞെടുക്കുന്ന സബ്ജക്ട് കോമ്പിനേഷനിൽ മുമ്പ് വിജയിച്ച വിഷയങ്ങൾക്ക് പഠിതാവ് വീണ്ടും പരീക്ഷ എഴുതേണ്ടതില്ല. എന്നാൽ പുതിയ കോമ്പിനേഷനിൽ പഠിതാവ് രണ്ടു വർഷവും പഠിക്കേണ്ടതായിട്ടുണ്ട്.

I ***സ്പെഷ്യൽ കാറ്റഗറി വിദ്യാർഥികളുടെ ഫീസ് ഘടനക്ക് അനുബന്ധം (1) കാണുക.***

## II വൊക്കേഷണൽ ഹയർസെക്കന്ററി – അഡീഷണൽ മാത്തമാറ്റിക്സ്

കേരള സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നം. 1170/07/പൊതു വിദ്യാഭ്യാസ വകുപ്പ്. തീയതി 15/03/2007പ്രകാരം 2007–2008 അധ്യയനവർഷം മുതൽ വൊക്കേഷണൽ ഹയർ സെക്കന്ററി 'ബി' ഗ്രൂപ്പ് വിദ്യാർഥിക

ളുടെ അഡീഷണൽ മാത്തമാറ്റിക്സിന്റെ രജിസ്ട്രേഷൻ നടത്തിവരുന്നത് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളാണ്.

- ▶ **യോഗ്യത** – കേരള സ്റ്റേറ്റ് സിലബസ് പ്രകാരം ഒരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ റഗുലർ കോഴ്സിന് ചേർന്ന് 'ബി' ഗ്രൂപ്പ് തെരഞ്ഞെടുത്ത വിദ്യാർഥിയായിരിക്കണം.
- ▶ **സിലബസ്** – വൊക്കേഷണൽ ഹയർ സെക്കന്ററിയുടേത്.
  - ഓരോ ജില്ലയിലും മാത്തമാറ്റിക്സ് വിഷയമുള്ള, തെരഞ്ഞെടുത്ത വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പഠനകേന്ദ്രമായി അനുവദിക്കുന്നതായിരിക്കും.
  - വിദ്യാർഥികൾക്ക് ഓരോ വർഷവും നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായി 10 മണിക്കൂർ ക്ലാസുകൾ നൽകും.
  - **സി.ഇ. ക്ലാസുകളിൽ 100% ഹാജർ നിർബന്ധമാണ്.**
  - റഗുലർ മാത്തമാറ്റിക്സ് വിദ്യാർഥികൾക്ക് നൽകുന്ന സി.ഇ. മാനദണ്ഡങ്ങൾ അഡീഷണൽ മാത്തമാറ്റിക്സ് തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്കും ബാധകമായിരിക്കും.
  - അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറേറ്റ് നടത്തുന്നതായിരിക്കും.
  - ഒന്നാം വർഷ അഡീഷണൽ മാത്തമാറ്റിക്സ് രജിസ്റ്റർ ചെയ്ത് സി.ഇ. ക്ലാസിൽ പങ്കെടുക്കുകയും, സി.ഇ. രേഖകൾ സമർപ്പിക്കുകയും ചെയ്തശേഷം എഴുത്തു പരീക്ഷയിലൂടെ യോഗ്യത നേടിയ വിദ്യാർഥികൾക്കു മാത്രമേ രണ്ടാംവർഷ അഡീഷണൽ മാത്തമാറ്റിക്സ് സി.ഇ. ക്ലാസ്സിൽ പങ്കെടുക്കുവാനും, പരീക്ഷ എഴുതുവാനും യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ.

## ➢ അഡീഷണൽ മാത്തമാറ്റിക്സ് രജിസ്ട്രേഷൻ

നിർദ്ദിഷ്ടയോഗ്യതയുള്ള വിദ്യാർഥി താഴെ നിർദ്ദേശിക്കുംപ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- www.ksosonline.in എന്ന ഓപ്പൺ സ്കൂൾ അഡ്മിഷൻ സ്യൂട്ടിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

- അപേക്ഷയുടെ പ്രിന്റ് ഔട്ടിൽ വിദ്യാർഥി പഠിക്കുന്ന സ്കൂളിലെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം.
- അഡീഷണൽ മാത്തമാറ്റിക്സ് രജിസ്റ്റർ ചെയ്ത വിദ്യാർഥി ഒന്നും രണ്ടും വർഷത്തെ കോഴ്സ് ഫീസായി 250/- രൂപ ഒടുക്കണം.
- കോഴ്സ് ഫീസ് തെരഞ്ഞെടുത്ത എസ്.ബി.റ്റി. ശാഖയിൽ നിന്നും ലഭിക്കുന്ന ഓപ്പൺ സ്കൂൾ ചെലാനിൽ ഒടുക്കിയശേഷം ഒറിജിനൽ ചെലാൻ അപേക്ഷയോടൊപ്പം അയച്ചുതരേണ്ടതാണ്. ചെലാന്റെ ഫോട്ടോകോപ്പി വിദ്യാർഥി സൂക്ഷിക്കേണ്ടതാണ്.
- പിഴയില്ലാതെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയുടെ അടുത്ത ദിവസം മുതൽ നിശ്ചിത ദിവസംവരെ 25/- രൂപ പിഴയോടുകൂടി അപേക്ഷ സ്വീകരിക്കുന്നതായിരിക്കും. ഇപ്രകാരമുള്ള തീയതികൾ പ്രവേശന നോട്ടിഫിക്കേഷനിൽ ഉണ്ടായിരിക്കും.
- ഫീസ് ഒടുക്കിയ ചെലാനും ഓൺലൈനിൽ രജിസ്റ്റർ ചെയ്ത് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പ്രിന്റ് ഔട്ടും എസ്.എസ്.എൽ.സി.-യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുമായി നിർദ്ദിഷ്ട ദിവസം തന്നെ ഓപ്പൺ സ്കൂൾ സംസ്ഥാന ഓഫീസിൽ എത്തിക്കണം.

# വിദ്യാർഥികൾ ശ്രദ്ധിക്കാൻ

## ➢ രജിസ്ട്രേഷൻ - നിർദ്ദേശങ്ങൾ

2010-11 അധ്യയനവർഷം മുതൽ ഓപ്പൺ സ്കൂൾ രജിസ്ട്രേഷൻ പൂർണമായും ഓൺലൈൻ സമ്പ്രദായത്തിലാണ്.

- ഓൺലൈൻ മുഖേന അപേക്ഷ രജിസ്റ്റർ ചെയ്യുന്നതിനു മുമ്പായി കൈപ്പുസ്തകവും, ഓൺലൈൻ രജിസ്ട്രേഷൻ നിർദ്ദേശങ്ങളും നിർബന്ധമായും വായിച്ച് വിശദാംശങ്ങൾ മനസ്സിലാക്കേണ്ടതാണ്.
- എസ്.എസ്.എൽ.സി./തത്തുല്യ പരീക്ഷ എഴുതി നിർദ്ദിഷ്ടയോഗ്യത നേടിയ വിദ്യാർഥികൾ തങ്ങളുടെ ഫോട്ടോ ഓൺലൈൻ അപേക്ഷയിൽ സ്കാൻ ചെയ്ത് ചേർക്കേണ്ടതാണ്.
- 2009 മുതൽ ആദ്യ ചാൻസിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി നിർദ്ദിഷ്ട യോഗ്യത നേടിയ വിദ്യാർഥികൾ ഒഴികെ മറ്റ് വിദ്യാർഥികൾ അവരുടെ അസൽ രേഖകൾ (**എസ്.എസ്.എൽ.സി., ടി.സി.** എന്നിവ) പരിശോധനകൾക്കായി ഡൗൺലോഡ് ചെയ്ത അപേക്ഷയോടൊപ്പം സംസ്ഥാന ഓഫീസിൽ സമർപ്പിക്കേണ്ട താണ്.
- 2009 മുതൽ നിർദ്ദിഷ്ടയോഗ്യത നേടിയ വിദ്യാർഥി അസൽ ടി.സി., എസ്.എസ്.എൽ.സി.-യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.
- ഓൺലൈയിൻ അപേക്ഷ confirm ചെയ്തശേഷം വിദ്യാർഥിക്ക് user name ആയി application number ഉം password ആയി system generate ചെയ്യുന്ന Alpha-numerical ഉം (8 characters) ലഭിക്കും.
- **അപേക്ഷയുമായി ബന്ധപ്പെട്ട തുടർ അന്വേഷണങ്ങൾക്ക് വിദ്യാർഥിക്ക് ലഭിക്കുന്ന user name, password എന്നിവ ആവശ്യമായതിനാൽ അവ എഴുതി സൂക്ഷിക്കേണ്ടതാണ്.**

## ➢ ഫീസ് ഒടുക്കുന്ന രീതി

- അഡ്മിഷൻ നോട്ടിഫിക്കേഷൻ പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി കഴിഞ്ഞാൽ, അതുപ്രകാരം നിശ്ചിത ദിവസം വരെ തെരഞ്ഞെടുക്കപ്പെട്ട എസ്.ബി.ടി ശാഖകളിൽ പിഴകൂടാതെ ഫീസ് ഒടുക്കാം. ഫീസ് ഒടുക്കുന്നതിനുള്ള ചെലാൻ എസ്.ബി.ടി. ശാഖകളിൽ നിന്നും സൗജന്യമായി ലഭിക്കും. എസ്.ബി.ടി. ശാഖകൾ അറിയുന്നതിന് അനുബന്ധം 7 കാണുക.
- ലക്ഷദ്വീപ് മേഖലയിലെ വിദ്യാർഥികൾ ഡയറക്ടർ, കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ എന്ന പേരിൽ പൂജപ്പുര എസ്.ബി.ടി.യിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി വേണം ഫീസ് ഒടുക്കേണ്ടത്.
- പിഴയില്ലാതെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയുടെ അടുത്ത ദിവസം മുതൽ നിശ്ചിത ദിവസം വരെ 50/- രൂപ പിഴയോടുകൂടിയും, അതിന്റെ അടുത്ത ദിവസം മുതൽ നിശ്ചിത ദിവസം വരെ 250/- രൂപ അധിക പിഴയോടുകൂടിയും ഫീസ് ഒടുക്കാവുന്നതാണ്.
- മേൽ നിശ്ചയിക്കുന്ന അവസാന തീയതികൾ ഏതെങ്കിലും കാരണവശാൽ പൊതുഅവധി ദിവസമായാൽ തൊട്ടടുത്ത പ്രവൃത്തിദിവസം കൂടി നിശ്ചിത ഫീസ് ഒടുക്കി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## ➢ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾ

പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾ ഓൺലൈൻ അപേക്ഷയിലെ നിർദ്ദിഷ്ട ഫീൽഡുകൾ നിർബന്ധമായും എന്റർ ചെയ്യേണ്ടതാണ്. പ്രസ്തുത വിദ്യാർഥികൾ അപേക്ഷയുടെ പ്രിന്റ് ഔട്ടിനോടൊപ്പം വൈകല്യം വ്യക്തമാക്കുന്ന മെഡിക്കൽ ബോർഡ് അനുവദിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്.

## ➢ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

- പ്രിന്റ്ഔട്ടിലെ ഫോട്ടോയിൽ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണം.
- ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ എസ്.എസ്.എൽ.സി. യുടെ പകർപ്പ്.

- അസൽ ടി.സി (ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്)
- നിശ്ചിത ഫീസ് ഒടുക്കിയ അസൽ എസ്.ബി.ടി. ചെലാൻ (ഫീസ് ഒടുക്കിയ ചെലാന്റെ പുറകുവശത്ത് ഓൺലെയിൻ അപേക്ഷാഫാറം നമ്പർ നിർബന്ധമായും രേഖപ്പെടുത്തേണ്ടതും, ചെലാന്റെ ഫോട്ടോകോപ്പി വിദ്യാർഥി സൂക്ഷിക്കേണ്ടതുമാണ്).
- വിദ്യാർഥി ഓൺലൈയിൻ മുഖേന രജിസ്റ്റർ ചെയ്തശേഷം ഡൗൺലോഡ് ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ടിൽ Declaration പൂരിപ്പിച്ച് നിർദ്ദിഷ്ടഭാഗങ്ങളിൽ ഒപ്പ് രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.
- 2009 മുതൽ ആദ്യ ചാൻസിൽ എസ്.എസ്.എൽ.സി.യിൽ നിർദ്ദിഷ്ട ഉപരിപഠന യോഗ്യത നേടിയ വിദ്യാർഥികൾ അപേക്ഷയോടൊപ്പം അസൽ ടി.സി., എസ്.എസ്.എൽ.സി. യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സമർപ്പിക്കണം.
- 2009-നു മുമ്പ് എസ്.എസ്.എൽ.സി. യോഗ്യയ നേടിയ വിദ്യാർഥികളും സി.ബി.എസ്.സി., ഐ.സി.എസ്.സി. ബോർഡുകളിലെ വിദ്യാർഥികളും 'എ' ലെവൽ കോഴ്സിൽ യോഗ്യത നേടിയ വിദ്യാർഥികളും അപേക്ഷയോടൊപ്പം യോഗ്യത (സെക്കന്ററി), ടി.സി. എന്നിവയുടെ അസൽ സർട്ടിഫിക്കറ്റുകളും സമർപ്പിക്കേണ്ടതാണ്.
- മറ്റ് ബോർഡുകളിലെ വിദ്യാർഥികൾ അപേക്ഷയോടൊപ്പം യോഗ്യത (സെക്കന്ററി), ടി.സി., മൈഗ്രേഷൻ എന്നിവയുടെ അസൽ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.
- പ്രൈവറ്റ് ഓവർഏജ്ഡ് ആയി നിർദ്ദിഷ്ട യോഗ്യത നേടിയ വിദ്യാർഥികൾ ടി.സി. സമർപ്പിക്കേണ്ടതില്ല.

മേൽ ചേർത്ത രേഖകൾ സഹിതമുള്ള അപേക്ഷാഫാറം ഓപ്പൺ സ്കൂളിന്റെ സംസ്ഥാന ഓഫീസിൽ നേരിട്ടോ, **സ്റ്റേറ്റ് കോഡിനേറ്റർ, കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, എസ്.സി.ഇ.ആർ.ടി, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-695012** എന്ന വിലാസ ത്തിൽ രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കേണ്ടതാണ്.

## ➢ പരീക്ഷ/പഠനകേന്ദ്രം തെരഞ്ഞെടുക്കൽ

- പ്രൈവറ്റ് രജിസ്ട്രേഷന് ഓൺലൈയിൻ മുഖേന രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥി 10 പരീക്ഷാകേന്ദ്രങ്ങൾ മുൻഗണനാ ക്രമത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

- താലൂക്ക് അടസ്ഥാനത്തിലാണ് പരീക്ഷാകേന്ദ്രങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.
- പരീക്ഷാകേന്ദ്രങ്ങളുടെ പേര് വ്യക്തമായി മനസ്സിലാക്കിയ ശേഷം ഇവ തെരഞ്ഞെടുക്കേണ്ടതാണ്.
- **ലക്ഷദ്വീപ് മേഖലയിലെ വിദ്യാർഥികൾ മുൻഗണനാ ക്രമത്തിൽ രണ്ട് പരീക്ഷാ കേന്ദ്രങ്ങൾ തെരഞ്ഞെടുത്താൽ മതിയാകും.**
- ഓപ്പൺറഗുലർ വിദ്യാർഥികൾ മൂന്ന് പഠനകേന്ദ്രങ്ങൾ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്.
- ഒരു പരീക്ഷാകേന്ദ്രത്തിൽ കുറഞ്ഞത് 50 വിദ്യാർഥികൾ എങ്കിലും രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ അത് പരീക്ഷാകേന്ദ്രമായി അനുവദിക്കുന്നതല്ല.
- പരീക്ഷാകേന്ദ്രങ്ങളിൽ വിദ്യാർഥികളെ ഉൾക്കൊള്ളാനുള്ള സൗകര്യം അനുസരിച്ച് മാത്രമേ പരീക്ഷാകേന്ദ്രം അനുവദിക്കുകയുള്ളു.

**ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന തീയതി, സമയം, പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും സംസ്ഥാന ഓഫീസിൽ എത്തിക്കുന്ന തീയതി എന്നീ ക്രമത്തിൽ മുൻഗണന അനുസരിച്ചാണ് പരീക്ഷാകേന്ദ്രം അനുവദിക്കുന്നത്.** പരീക്ഷാകേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച് ഡയറക്ടർ/സ്റ്റേറ്റ് കോഡിനേറ്ററുടെ തീരുമാനം അന്തിമമായിരിക്കും.

> **ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിന് മുമ്പ് നിശ്ചിത ഫീസ് ഒടുക്കേണ്ടതാണ്.**

### ➢ ഓൺലൈൻ രജിസ്ട്രേഷൻ മെമ്മോ

**ഓപ്പൺ സ്കൂൾ വെബ് സൈറ്റിൽനിന്നും പഠിതാക്കൾക്ക് നേരിട്ട് രജിസ്ട്രേഷൻ മെമ്മോ ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കാവുന്നതാണ്. പ്രിന്റ് എടുത്ത മെമ്മോ വിദ്യാർഥി തനിക്ക് അനുവദിച്ച പരീക്ഷകേന്ദ്രം പ്രിൻസിപ്പാളിന്റെ/കോർഡിനേറ്റിംഗ് ടീച്ചറിന്റെ മേലൊപ്പ് പതിപ്പിച്ച് സൂക്ഷിക്കേണ്ടതാണ്. ഓപ്പൺ സ്കൂൾ കോഴ്സുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് രജിസ്ട്രേഷൻ മെമ്മോ അത്യന്താപേക്ഷിതമായതിനാൽ കോഴ്സ് പൂർത്തിയാകുംവരെ മെമ്മോ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടതാണ്. ഓപ്പൺ സ്കൂൾ മെമ്മോ കൈപ്പറ്റിയ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾ അനുവദിക്കപ്പെട്ട പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെട്ട് നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായുള്ള ഓറിയന്റേഷൻ ക്ലാസിന്റെ വിശദാംശങ്ങൾ മനസ്സിലാക്കേണ്ടതാണ്.**

# ഹയർ സെക്കന്ററി കോഴ്സ് – രണ്ടാംവർഷ/പുനഃപ്രവേശനം

സർക്കാർ ഉത്തരവുകൾ – (1) (സാധാ) നം. 2845/09/പൊതുവിദ്യാഭ്യാസ വകുപ്പ് 9/07/2009 തീയതി, (2) (സാധാ) നം. 3047/2010/പൊ.വി.വ. തീയതി 14.07.2010, (3) (സാധാ) നം. 5279/2012/പൊ.വി.വ തീയതി 03.11.2012 പ്രകാരം ഹയർസെക്കന്ററി കോഴ്സിന് ഗ്രേഡിംഗ് സംവിധാനം നിലവിൽ വന്നശേഷം റഗുലർ സ്കൂൾ മുഖേനയോ ഓപ്പൺ സ്കൂൾ മുഖേനയോ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഒന്നാംവർഷ പഠനം പൂർത്തിയാക്കിയശേഷം ഏതെങ്കിലും കാരണത്താൽ പഠനം മുടങ്ങുകയും ചെയ്ത വിദ്യാർഥികൾക്ക് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മുഖാന്തിരം തുടർപഠനത്തിന് അവസരം ലഭ്യമാണ്.

➢ **രണ്ടാംവർഷ പ്രവേശന യോഗ്യത**

- രണ്ടാംവർഷ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥി ഒന്നാം വർഷം റഗുലർ സ്കൂളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർഥിയാണെങ്കിൽ നിർബന്ധമായും ഒന്നാംവർഷ ഹയർസെക്കന്ററി പരീക്ഷാ ഫീസ് ഒടുക്കി രജിസ്റ്റർ ചെയ്തവരാകണം.
- ഒന്നാംവർഷത്തിൽ നിന്നും രണ്ടാംവർഷത്തിലേക്ക് പ്രമോട്ട് ചെയ്ത ടി.സി.യും മാർക്ക്ലിസ്റ്റും നിർബന്ധമായും ഹാജരാക്കണം.

➢ **അഡ്മിഷൻ നിബന്ധനകൾ**

- ഗ്രേഡിംഗ് സംവിധാനം നിലവിൽ വന്നശേഷം പൊതുപരീക്ഷയ്ക്ക് മുമ്പ് (2009) രജിസ്റ്റർ ചെയ്ത വിദ്യാർഥികളും മറ്റ് ബോർഡുകളിലെ വിദ്യാർഥികളും ഹയർസെക്കന്ററി ഡയറക്ടറേറ്റ് നടത്തുന്ന ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷയിൽ ഉപഭാഷ ഉൾപ്പെടെ എല്ലാ വിഷയങ്ങളും നിർബന്ധമായും എഴുതേണ്ടതാണ്.
- ഇത്തരം വിദ്യാർഥികൾ അതത് വിഷയങ്ങളുടെ സി.ഇ. രേഖകൾ മൂല്യനിർണയത്തിനായി പരീക്ഷാകേന്ദ്രത്തിൽ നിർദ്ദിഷ്ട ദിവസംതന്നെ സമർപ്പിക്കേണ്ടതാണ്.
- പ്രവേശനത്തിനുള്ള അവസാന തീയതി ഓപ്പൺ സ്കൂൾ നോട്ടിഫിക്കേഷനിൽ വ്യക്തമാക്കും.
- പ്രവേശനം ലഭിക്കുന്ന വിദ്യാർഥി ഹയർസെക്കന്ററി നോട്ടിഫിക്കേഷൻ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഹയർസെക്കന്ററി ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷാഫീസ് വിദ്യാർഥിക്ക്

ഓപ്പൺ സ്കൂൾ അനുവദിക്കുന്ന പഠനകേന്ദ്രത്തിൽ ഒടുക്കേണ്ടതാണ്.

- പ്രസ്തുത പഠനകേന്ദ്രത്തിൽ വിദ്യാർഥി രണ്ടാംവർഷ സമ്പർക്ക ക്ലാസുകൾക്ക് നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
- ഒന്നാംവർഷം പഠനം പൂർത്തിയാക്കിയ സ്കൂളിൽനിന്നും വിദ്യാർഥി രണ്ടാംവർഷ പരീക്ഷാഫീസ് ഒടുക്കിയിട്ടില്ല എന്ന പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം പ്രവേശന സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
- വിദ്യാർഥി അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി., ടി.സി., ഒന്നാംവർഷ ഹയർസെക്കന്ററി മാർക്ക്‌ലിസ്റ്റ് എന്നിവയുടെ അസൽ, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, നിശ്ചിത ഫീസ് ഒടുക്കിയ ഓപ്പൺ സ്കൂൾ ചെലാൻ, രണ്ട് പാസ്പോർട്ട്സൈസ് ഫോട്ടോ എന്നിവ സമർപ്പിക്കേണ്ടതാണ്.
- ഓപ്പൺ റഗുലർ കോഴ്സിൽ നിലവിലുള്ള സബ്ജക്ട് കോമ്പിനേഷനുകളിൽ മാത്രമേ ഇത്തരത്തിൽ പ്രവേശനം അനുവദിക്കുകയുള്ളൂ.
- പ്രാക്ടിക്കൽ റെക്കോഡ്, നിരന്തരമൂല്യനിർണയ (സി.ഇ.) ത്തിന്റെ ഭാഗമായുള്ള പ്രോജക്ട്, അസൈൻമെന്റ് എന്നിവ ബന്ധപ്പെട്ട പരീക്ഷാകേന്ദ്രം പ്രിൻസിപ്പാൾ മുഖേന സമർപ്പിക്കേണ്ടതാണ്.

- **രണ്ടാം വർഷ ഫീസ് ഘടന**

രണ്ടാംവർഷ പ്രവേശനം നേടുന്ന വിദ്യാർഥി കോമ്പിനേഷൻപ്രകാരം ഓപ്പൺ സ്കൂൾ നിശ്ചയിച്ചിരിക്കുന്ന ഒന്നും രണ്ടും വർഷ കോഴ്സ് ഫീസ് പൂർണമായും ഒടുക്കേണ്ടതാണ്.

## ➢ പുനഃപ്രവേശനം – നിബന്ധനകൾ

- ഹയർസെക്കന്ററി വിഭാഗത്തിൽ ഗ്രേഡിംഗ് സംവിധാനം നിലവിൽ വന്നശേഷം ഓപ്പൺ റഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന രജിസ്റ്റർ ചെയ്ത് ഒന്നാംവർഷ പരീക്ഷ എഴുതുകയും രണ്ടാംവർഷ പരീക്ഷാ ഫീസ് ഒടുക്കാതെ പഠനം മുടങ്ങിയതുമായ വിദ്യാർഥികൾക്ക് ഓപ്പൺ സ്കൂൾ പുനഃപ്രവേശനം അനുവദിക്കുന്നതാണ്.
- ഗ്രേഡിംഗ് സംവിധാനം നിലവിൽ വന്നശേഷം പൊതുപരീക്ഷയ്ക്ക് മുമ്പ് (2009) രജിസ്റ്റർ ചെയ്ത വിദ്യാർഥികളും മറ്റ് ബോർഡുകളിലെ വിദ്യാർഥികളും ഹയർസെക്കന്ററി ഡയറ

ക്ടറേറ്റ് നടത്തുന്ന ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷയിൽ ഉപഭാഷ ഉൾപ്പെടെ എല്ലാ വിഷയങ്ങളും നിർബന്ധമായും എഴുതേണ്ടതാണ്.

- ഇത്തരം വിദ്യാർഥികൾ അതത് വിഷയങ്ങളുടെ സി.ഇ. രേഖകൾ മൂല്യനിർണയത്തിനായി പരീക്ഷാകേന്ദ്രത്തിൽ നിർദ്ദിഷ്ട ദിവസംതന്നെ സമർപ്പിക്കേണ്ടതാണ്.
- പ്രവേശനത്തിനുള്ള അവസാന തീയതി ഓപ്പൺ സ്കൂൾ നോട്ടിഫിക്കേഷനിൽ വ്യക്തമാക്കും.
- പ്രവേശനം ലഭിക്കുന്ന വിദ്യാർഥി ഹയർസെക്കന്ററി നോട്ടിഫിക്കേഷൻ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഹയർസെക്കന്ററി ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷാ ഫീസ് വിദ്യാർഥിക്ക് അനുവദിക്കുന്ന പരീക്ഷാ കേന്ദ്രത്തിൽ ഒടുക്കേണ്ടതാണ്.
- ഒന്നാംവർഷം പരീക്ഷ എഴുതിയ സ്കൂളിൽനിന്നും വിദ്യാർഥി രണ്ടാംവർഷ പരീക്ഷാഫീസ് ഒടുക്കിയിട്ടില്ല എന്ന പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.
- വിദ്യാർഥി അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി., ടി.സി., ഒന്നാംവർഷ ഹയർസെക്കന്ററി മാർക്ക്ലിസ്റ്റ് എന്നിവയുടെ അസൽ, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, നിശ്ചിത ഫീസ് ഒടുക്കിയ ഓപ്പൺ സ്കൂൾ ചെലാൻ, രണ്ട് പാസ്പോർട്ട്സൈസ് ഫോട്ടോ എന്നിവ സമർപ്പിക്കേണ്ടതാണ്.

### ➢ പുന:പ്രവേശനം – ഫീസ്

ഹയർ സെക്കന്ററി കോഴ്സിന് പുനഃപ്രവേശനം നേടുന്ന വിദ്യാർഥി, നിലവിലെ അക്കാദമിക് വർഷത്തിന് തൊട്ട് മുമ്പത്തെ അക്കാദമിക് വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളതാണെങ്കിൽ പുനഃപ്രവേശന ഫീസ് 250/- രൂപയും, അപേക്ഷാ ഫാറത്തിന് 100/- രൂപയും ഒടുക്കേണ്ടതാണ്. അതിന് മുൻപ് രജിസ്റ്റർ ചെയ്ത വിദ്യാർഥി 500/- രൂപ പുനഃപ്രവേശന ഫീസായും 100/- രൂപ അപേക്ഷാഫാറത്തിന്റെ ഫീസായും ഒടുക്കണം.

ഹയർ സെക്കന്ററിയിൽ ഗ്രേഡിംഗ് നിലവിൽ വന്നശേഷം രണ്ടാം വർഷ പരീക്ഷ വിജയിച്ചവർക്കും. പാർട്ട് I, II വിഷയങ്ങൾ മാത്രം വിജയിക്കുകയും പാർട്ട് III ഐച്ഛിക വിഷയങ്ങളിൽ പരാജയ

പ്പെടുകയും ചെയ്ത വിദ്യാർഥി കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഐച്ഛിക വിഷയങ്ങളിൽ പാർട്ട് III ന് മാത്രമായി ഒന്നാം വർഷം രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതിനായി 460/- രൂപ ഒടുക്കി, പ്രൈവറ്റ് രജിസ്ട്രേഷന്റെ എല്ലാ നിബന്ധനകൾക്കും വിധേയമായി മാത്രമേ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ.

**പുന:പ്രവേശനം/രണ്ടാം വർഷ പ്രവേശനം എന്നിവ സംബന്ധിക്കുന്ന മാനദണ്ഡങ്ങൾ അതത് കാലങ്ങളിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും.**

രണ്ടാംവർഷ പരീക്ഷയ്ക്ക് ഫീസ് ഒടുക്കിയശേഷം പരീക്ഷ എഴുതാൻ കഴിയാത്ത വിദ്യാർഥിക്ക് അടുത്തവർഷം മാർച്ചിൽ നടക്കുന്ന പരീക്ഷ എഴുതാവുന്നതാണ്. എന്നാൽ ആദ്യ തവണ പരീക്ഷക്കായി ഫീസ് ഒടുക്കിയത് റദ്ദുചെയ്തില്ലെങ്കിൽ ഈ വിദ്യാർഥിയെ പ്രൈവറ്റ് കംപാർട്ട്മെന്റൽ കാറ്റഗറിയിൽ മാത്രമേ ഉൾപ്പെടുത്തുകയുള്ളൂ. ആദ്യ തവണ ഫീസ് ഒടുക്കിയത് റദ്ദുചെയ്യുവാൻ ["0202-01-102-97(03) **other receipts']** എന്ന ഹയർസെക്കന്ററി ഡയറക്ടറേറ്റിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ ഗവൺമെന്റ് ട്രഷറിയിൽ 100/- രൂപ ഫീസ് ഒടുക്കി ഹയർസെക്കന്ററി ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ച് ക്യാൻസലേഷൻ മെമ്മോ കൈപ്പറ്റേണ്ടതാണ്.

## ➢ രജിസ്ട്രേഷൻ റദ്ദാക്കൽ

ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്ത വിദ്യാർഥിക്ക് ഏതെങ്കിലും കാരണത്താൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെങ്കിൽ തെരഞ്ഞെടുത്ത എസ്.ബി.ടി ശാഖയിൽ ക്യാൻസലേഷൻ ഫീസായ 150/- രൂപ ഒടുക്കിയ ഓപ്പൺ സ്കൂൾ ചെലാൻ സഹിതം സ്റ്റേറ്റ് കോഡിനേറ്റർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഒന്നും രണ്ടും വർഷ ഹയർസെക്കന്ററി പൊതു പരീക്ഷകൾക്ക് ഫീസ് ഒടുക്കിയ വിദ്യാർഥിയുടെ രജിസ്ട്രേഷൻ ഓപ്പൺ സ്കൂൾ റദ്ദ് ചെയ്ത് നൽകുന്നതിന്, ഹയർസെക്കന്ററി ഡയറക്ടറേറ്റ് അനുവദിക്കുന്ന പരീക്ഷാ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടുള്ള മെമ്മോ ഹാജരാക്കേണ്ടതാണ്. ഒന്നാം വർഷ പരീക്ഷാ ഫീസ് ഒടുക്കാത്ത വിദ്യാർഥി പരീക്ഷാ കേന്ദ്രമായി അനുവദിച്ച സ്കൂൾ പ്രിൻസിപ്പാളിൽ നിന്നും 'ഫീസ് ഒടുക്കിയിട്ടില്ല' എന്ന സാക്ഷ്യപ്പെടുത്തൽ സഹിതം അപേക്ഷ സമർപ്പിക്കേണ്ടത്.

2010-12 ബാച്ച് മുതൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്ന വിദ്യാർഥി Discontinued TC, Cancellation Memo എന്നിവ അനുവദിക്കും.

2010-12 ബാച്ചു മുതൽ ഹയർസെക്കണ്ടറി കോഴ്സിന് ഒന്നാം വർഷം പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥി മുൻ വർഷങ്ങളിൽ ഓപ്പൺ സ്കൂൾ മുഖേനയോ, റഗുലർ സ്കൂൾ മുഖേനയോ ഹയർസെക്കണ്ടറികോഴ്സ്, മറ്റ് തത്തുല്യ കോഴ്സുകൾ എന്നിവയ്ക്ക് ചേർന്ന് പഠിച്ചിട്ടുണ്ടെങ്കിൽ മുൻരജിസ്ട്രേഷൻ റദ്ദ് ചെയ്തശേഷം മാത്രം പുതിയ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

### ➢ വിടുതൽ സർട്ടിഫിക്കറ്റ് (Transfer certificate)

ഓപ്പൺ സ്കൂൾ മുഖാന്തിരം രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ രണ്ടാംവർഷ പരീക്ഷാ ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിൽ അവർക്ക് കോഴ്സ് കംപ്ലീറ്റഡ് ടി.സിയും മറ്റ് വിദ്യാർഥികൾക്ക് ഡിസ്കണ്ടിന്യൂഡ് ടി.സിയും അനുവദിക്കുന്നു.

പ്രസ്തുത ടി.സി.യിൽ സ്റ്റേറ്റ്കോഡിനേറ്ററുടെ കൈയ്യൊപ്പിനുപകരം ഒപ്പിന്റെ ഫാക്സിമിലി(Facsimile) ആയിരിക്കും പതിച്ചു നൽകുക. (ഗവ: ഉത്തരവ് -അനുബന്ധം 4)

ഓപ്പൺ റഗുലർ വിദ്യാർഥികൾക്ക് ജില്ലാകേന്ദ്രം വഴിയും കോഴ്സ് പൂർത്തീകരിച്ച പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് പരീക്ഷാ കേന്ദ്രങ്ങൾ വഴിയും ടി.സി ലഭ്യമാകും.

ടി.സി. നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കറ്റ് ടി.സി. ലഭിക്കുന്നതിന് തെരഞ്ഞെടുത്ത എസ്.ബി.റ്റി. ശാഖയിൽ 100/- രൂപ ഫീസ് ഒടുക്കിയ ഓപ്പൺ സ്കൂൾ ചെലാനും, 50/- രൂപ മുദ്രപത്രത്തിൽ അംഗീകൃത നോട്ടറിയിൽ നിന്നും നേടിയ നോട്ടറിഅറ്റസ്റ്റേഷൻ സർട്ടിഫിക്കറ്റും സഹിതം സ്റ്റേറ്റ്കോഡിനേറ്റർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### ➢ സ്വഭാവസർട്ടിഫിക്കറ്റ് (Conduct certificate)

29.11.2004 ലെ ഗവൺമെന്റ് ഉത്തരവ് (ആർ.ടി) നം:5115/2004/പൊതുവിദ്യാഭ്യാസ വകുപ്പ് പ്രകാരം ഓപ്പൺ റഗുലർ കോഴ്സിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർഥിക്ക് ഓപ്പൺ സ്കൂൾ പഠന കേന്ദ്രം പ്രിൻസിപ്പാൾ സ്വഭാവ സർട്ടിഫിക്കറ്റ് അനുവദിക്കും. (ഗവ: ഉത്തരവ് - അനുബന്ധം-5) ഇതിലേക്ക് അതത് പഠന കേന്ദ്രം പ്രിൻസിപ്പലിന് അപേക്ഷ സമർപ്പിക്കണം.

### ➢ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (Migration certificate)

2012-നു മുമ്പ് ഹയർസെക്കന്ററി പരീക്ഷ പാസായ വിദ്യാർഥികൾ

മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ആവശ്യമുണ്ടെങ്കിൽ **ഹയർസെക്കന്ററിയുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ** ഗവൺമെന്റ് ട്രഷറിയിൽ നിശ്ചിത ഫീസ് (അനുബന്ധം 8 കാണുക) ഒടുക്കിയ ചെലാൻ സഹിതമുള്ള നിർദ്ദിഷ്ട അപേക്ഷാഫാറം പരീക്ഷാകേന്ദ്രം പ്രിൻസിപ്പലിന്റെ/സ്റ്റേറ്റ് കോർഡിനേറ്ററുടെ ഒപ്പോടുകൂടി ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ സമർപ്പിക്കണം. 2012-ൽ പരീക്ഷ പാസായ വിദ്യാർഥികൾ മേൽ സൂചിപ്പിച്ചിരിക്കുന്ന നടപടികൾക്കു ശേഷം നിർദ്ദിഷ്ട അപേക്ഷഫാറം പരീക്ഷാകേന്ദ്രം പ്രിൻസിപ്പാളിന് സമർപ്പിച്ചാൽ മതിയാകും.

## ➢ കോഷൻ ഡെപ്പോസിറ്റ് (Caution Deposit)

ഓപ്പൺ റഗുലർ കോഴ്സിൽ 01, 05, 09, 39 എന്നീ കോമ്പിനേഷനുകളിൽ രജിസ്ട്രേഷൻ നേടിയ വിദ്യാർഥി കോഴ്സ് ഫീസ് പൂർണമായും ഒടുക്കിയിട്ടുണ്ടെങ്കിൽ കോഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്കിയ തുക അനുവദിക്കും. പ്രധാന പത്രമാധ്യമങ്ങൾ മുഖേന കോഷൻഡെപ്പോസിറ്റ് വിതരണ അറിയിപ്പ് ലഭിക്കുന്ന പ്രകാരം നിർദ്ദിഷ്ട അപേക്ഷാഫാറം പൂരിപ്പിച്ച് അതത് ജില്ലാ കോഡിനേറ്റർക്ക് സമർപ്പിക്കണം. അപേക്ഷാഫാറത്തിന്റെ മാതൃകയ്ക്ക് അനുബന്ധം-6 കാണുക.

## ➢ ഡ്യൂപ്ലിക്കറ്റ് രജിസ്ട്രേഷൻ മെമ്മോ

രജിസ്ട്രേഷൻ മെമ്മോ നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കറ്റ് രജിസ്ട്രേഷൻ മെമ്മോ ലഭിക്കുന്നതിന് തെരഞ്ഞെടുത്ത എസ്.ബി.ടി. ശാഖയിൽ 25/ രൂപ ഫീസ് ഒടുക്കിയ ഓപ്പൺ സ്കൂൾ ചെലാനും, ഓപ്പൺ സ്കൂൾ രജിസ്റ്റർനമ്പർ രേഖപ്പെടുത്തി തയ്യാറാക്കിയ അപേക്ഷയും സ്റ്റേറ്റ് കോഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. ഡ്യൂപ്ലിക്കറ്റ് രജിസ്ട്രേഷൻ മെമ്മോ ലഭിക്കുന്നതിനായി ഓപ്പൺ സ്കൂൾ സംസ്ഥാന ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലാകേന്ദ്രം മുഖേന കൈപ്പറ്റേണ്ടതുമാണ്.

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ഓപ്പൺ സ്കൂൾ സംസ്ഥാന ആഫീസിൽ നിന്ന് ഒരിക്കൽ മടക്കി അയച്ച അസൽ രേഖകൾ (എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്, ടി.സി.) വിദ്യാർഥികൈപ്പറ്റാതെ മടങ്ങിവന്നാൽ വീണ്ടും തിരികെ വിദ്യാർഥിക്ക് രജിസ്റ്റേർഡ് പോസ്റ്റ് മുഖേന ലഭിക്കുന്നതിന് 27/- രൂപ സ്റ്റാമ്പ് ഒട്ടിച്ചും സ്പീഡ്പോസ്റ്റ് ലഭിക്കുന്നതിന് 40/- രൂപ സ്റ്റാമ്പ് ഓട്ടിച്ചും വിദ്യാർഥിയുടെ സ്വന്തം മേൽവിലാസം രേഖപ്പെടുത്തിയ കവർ സഹിതം സ്റ്റേറ്റ്കോഡിനേറ്റർക്ക് അപേക്ഷ സമർപ്പിക്കണം.

# ഒന്നും രണ്ടും വർഷ പൊതുപരീക്ഷ

ഹയർസെക്കന്ററി കോഴ്സിന്റെ ഒന്നും രണ്ടും വർഷ പൊതുപരീക്ഷകളും, സർട്ടിഫിക്കറ്റ് വിതരണവും റഗുലർ സ്കൂൾ വിദ്യാർഥികൾക്കൊപ്പം ഹയർസെക്കന്ററി ഡയറക്ടറേറ്റ് നേരിട്ടു നടത്തുന്നതാണ്. ഹയർസെക്കന്ററി ഡയറക്ടറേറ്റ് യഥാസമയം പരീക്ഷാ നോട്ടിഫിക്കേഷൻ പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തും. അതിനു ശേഷം പൂരിപ്പിച്ച അപേക്ഷാഫാറവും നിശ്ചിത പരീക്ഷാ ഫീസും ഓപ്പൺ സ്കൂൾ അനുവദിക്കുന്ന പരീക്ഷാകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

ഒന്നാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർഥിക്കു മാത്രമേ രണ്ടാം വർഷ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. അതുപോലെ ഒന്നാംവർഷ പരീക്ഷ എഴുതിയ വിദ്യാർഥിക്കു മാത്രമേ രണ്ടാംവർഷ പരീക്ഷ എഴുതുവാൻ യോഗ്യതയുണ്ടായിരിക്കുകയുള്ളൂ. ഒന്നാംവർഷ ഹയർസെക്കന്ററി പരീക്ഷയുടെ മാർക്കുകൾ **ഇംപ്രൂവ് ചെയ്യുന്നതിനുവേണ്ടി ഡയറക്ടറേറ്റ് നടത്തുന്ന എച്ച്.എസ്.ഇ. ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക്** റഗുലർ വിദ്യാർഥികളുടെ അവസരങ്ങൾ ഓപ്പൺ സ്കൂൾ വിദ്യാർഥികൾക്കും ലഭ്യമാണ്. നിലവിൽ മൂന്ന് വിഷയങ്ങൾവരെ ഇംപ്രൂവ് ചെയ്യാവുന്നതാണ്.

**പരീക്ഷ/ നിരന്തരമൂല്യനിർണയ സ്കോർ (CE) എന്നിവ സംബന്ധിച്ച് ഹയർസെക്കന്ററി ഡയറക്ടറേറ്റ് കാലാകാലങ്ങളിൽ പുറത്തിറക്കുന്ന പരീക്ഷാ നോട്ടിഫിക്കേഷനിലെ മാർഗനിർദ്ദേശങ്ങളും നിബന്ധനകളും ഓപ്പൺ സ്കൂൾ വിദ്യാർഥിക്കും ബാധകമാണ്. പരീക്ഷ സംബന്ധിച്ച വിവരങ്ങൾ യഥാസമയം പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകും.**

# നിരന്തരമൂല്യനിർണയം
# (Continuous Evaluation)

## ➢ ഓപ്പൺ റഗുലർ കോഴ്സ്

ഹയർസെക്കന്ററി റഗുലർ സ്കൂൾ വിദ്യാർഥികൾക്ക് നടപ്പിലാക്കിയിട്ടുള്ള നിരന്തരമൂല്യനിർണയ ഉപാധികൾ ഓപ്പൺ സ്കൂൾ വിദ്യാർഥികൾക്കും ബാധകമാണ്. നിശ്ചിത പാഠഭാഗങ്ങൾ കഴിയുമ്പോൾ നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായി യൂണിറ്റ് ടെസ്റ്റ്, പ്രോജക്ട്, അസൈൻമെന്റ് എന്നിവ ഉണ്ടായിരിക്കും. പഠന കേന്ദ്രം പ്രിൻസിപ്പാളും, അതത് വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകരും നിരന്തരമൂല്യനിർണയം സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും.

## ➢ പ്രൈവറ്റ് രജിസ്ട്രേഷൻ

